# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 17 .9.2022 മുതൽ 21.9.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 37/2022,(74) വെള്ളിയാഴ്ച | തീയ്യതി 16/9/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 17.09.2022 | 18.09.2022 | 19.09.2022 | 20.09.2022 | 21.09.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 2 | 5 | 2 | 1 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 250 | 270 | 270 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 3 | 6 | 5 | 5 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 സെപ്റ്റംബർ17 | 2022 സെപ്റ്റംബർ 18 | 2022 സെപ്റ്റംബർ 19 | 2022 സെപ്റ്റംബർ 20 | 2022 സെപ്റ്റംബർ 21 |
|---|---|---|---|---|
| വളരെ നേരിയ മഴ | വളരെ നേരിയ മഴ | നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതു നിർദേശങ്ങൾ : കൃഷിയിടങ്ങളിൽ പൊതുവെ നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുക.
ആവശ്യമെങ്കിൽ മാത്രം മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് -വിരിപ്പ് കതിരു വന്ന പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ 20 മില്ലി മത്തി ശർക്കര മിശ്രിതം അല്ലെങ്കിൽ 20 ഗ്രാം കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 10 മില്ലി അസാഡിറാക്ടിൻ അല്ലെങ്കിൽ 2 മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മരുന്നുതളി പരാഗണത്തിനെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ചെയ്യേണ്ടതാണ്. |
| തെങ്ങ് | കൊമ്പൻചെല്ലി | തെങ്ങിൽ കാണുന്ന കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കാൻ തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം 250ഗ്രാം വേപ്പിൻപിണ്ണാക്ക് തുല്യ അളവിൽ നേർത്ത മണലുമായി ചേർത്ത് കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. 120 ഗ്രാം നാഫ്തലീൻ അല്ലെങ്കിൽ ഏകദേശം 4 പാറ്റഗുളികകൾ 45 ദിവസത്തിലൊരിക്കൽ കൂമ്പോലയുടെ ചുറ്റുമുള്ള ഇലക്കവിളുകളിൽ ഇട്ട് നേർത്ത മണലോട്ടുകൂടി മൂടുക. വളക്കുഴികളിൽ 250മി.ലി മെറ്റാറൈസിയം അനൈസോപ്ളിയയുടെ കൾച്ചർ 750മി.ലി. വെള്ളത്തിൽ എന്നതോതിൽ കലക്കിതളിച്ച് കൊടുക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം | തുടർച്ചയായ മഴമൂലം വാഴത്തോട്ടങ്ങളിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. സാരമായി രോഗം ബാധിച്ച ഇലകൾ മുറിച്ച് നീക്കം ചെയ്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. രണ്ട് ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ ഒരു മി.ലി ഹെക്സാകൊണാസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി പശ ചേർത്ത് ഇലയുടെ അടിയിൽ പതിയക്ക വിധം കുളിർക്കെ തളിക്കുക. |

മൃഗസംരക്ഷണം- കാലിത്തൊഴുത്തിലും പരിസരപ്രദേശങ്ങളിലും എലി ശല്ല്യം ഒഴിവാക്കുന്നതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കുക.
(CAADECCS, KVASU, Mannuthy).